**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4165** — **18-07-2022 - ൽ മറുപടിയ്ക്ക്**

**റാന്നി മണ്ഡലത്തിലെ അയിരൂർ-വാലാങ്കര, മുക്കൂട്ടുത്തറ-മഠത്തുംചാൽ റോഡ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പ്രമോദ് നാരായൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റാന്നി നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന അയിരൂർ - വാലാങ്കര റോഡ് , മുക്കൂട്ടുത്തറ - മഠത്തുംചാൽ റോഡ് എന്നീ രണ്ട് റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | വാലാങ്കര അയിരൂർ റോഡ് പദ്ധതിയുടെ ബി എം (ബിറ്റുമിനസ് മെക്കാഡം) പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. കൂടാതെ, ടെണ്ടർ എക്സ്സസ്, KSEB യൂട്ടിലിറ്റി പ്രൊവിഷനിലെ വർദ്ധനവ്, അളവ് വ്യതിയാനം, എന്നിവ കാരണം പുതുക്കിയ എസ്റ്റിമേറ്റ് സഹിതം, പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) സമർപ്പിച്ച സബ് പ്രോജക്റ്റ് പുനരവലോകനത്തിന് കിഫ്ബി 10.05.2022 ന് അംഗീകാരം നൽകിയിട്ടുണ്ട്<br><br>മടത്തുംചാൽ മുക്കൂട്ടുത്തറ റോഡ് പ്രവൃത്തിയുടെ ബി എം (ബിറ്റുമിനസ് മെക്കാഡം) പ്രവർത്തികൾ മുഴുവൻ ദൂരത്തിൽ പൂർത്തിയായിട്ടുണ്ട്. ബി സി ( ബിറ്റുമിനസ് കാർപെറ്റ്) പ്രവൃത്തി 5.8 കിലോമീറ്റർ ദൂരത്തിലും പൂർത്തിയാക്കിയിട്ടുണ്ട്.<br><br>ഇലക്ട്രിക്ക് പോസ്റ്റും വാട്ടർ അതോറിറ്റി പൈപ്പും മാറ്റിയിടുന്നതിനുള്ള കാലതാമസം പരിഗണിച്ച്, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡ് (KRFB), 24.11.2021 ലെ ഉത്തരവ് പ്രകാരം, ടി പ്രവൃത്തിയുടെ കരാറുകാരനെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി.<br><br>ബാക്കിയുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് (KRFB)പൂർത്തിയാക്കി വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (ബി) | പ്രസ്തുത റോഡുകളുടെ നിർമാണത്തിലെ അനിശ്ചിതത്വം പരിഹരിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡുമായും മറ്റ് ബന്ധപെട്ട വകുപ്പുകളുമായും നിരവധി അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. |

| | | | |
|---|---|---|---|
| | | | 01-06-2022ൽ KIIFB എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ വാലാങ്കര അയിരൂർ റോഡിന്റെ ബാക്കി പ്രവർത്തികൾ പുനരാരംഭിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കരാർ കാലാവധി നീട്ടി നൽകുന്നതിനുള്ള അപേക്ഷ കെ ആർ എഫ് ബി പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ സമർപ്പിച്ചിട്ടുണ്ടെന്നും KRFB അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു.<br><br>പ്രസ്തുത യോഗത്തിൽ കരാർ കാലാവധി നീട്ടി നൽകുന്നതിന് തീരുമാനം എടുക്കാനും, ബാക്കി പ്രവർത്തികൾ ത്വരിതപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കാനും KRFB പ്രോജക്ട് ഡയറക്ടർക്ക് KIIFB നിർദ്ദേശം നൽകിയിരുന്നു.<br><br>ടി യോഗത്തിൽ മടത്തുംചാൽ മുക്കൂട്ടുത്തറ റോഡിന്റെ ബാക്കി പ്രവർത്തികൾ വേഗത്തിലാക്കുവാനുള്ള നിർദ്ദേശങ്ങളും നൽകിയിരുന്നു |

സെക്ഷൻ ഓഫീസർ